**അടിയന്തരപ്രമേയം**

മി. സ്പീക്കർ: റൂൾ 50 പ്രകാരം ഒരു നോട്ടീസ് ചെയറിന് ലഭിച്ചിട്ടുണ്ട്. അത് കഴിഞ്ഞ ദിവസം കോടതിയിൽ സമർപ്പിച്ച ഒരു കുറ്റപത്രവുമായി ബന്ധപ്പെട്ടതാണ്. വർഷങ്ങൾക്ക് മുമ്പ് സംഭവിച്ച ഒരു കാര്യത്തെ സംബന്ധിച്ച് കോടതിയിൽ സമർപ്പിക്കപ്പെട്ട ഒരു കുറ്റപത്രം നിയമസഭയിൽ അടിയന്തരപ്രമേയമായി വരാനുള്ള ഒരു സാഹചര്യമുണ്ടെന്ന് തോന്നുന്നില്ല. നൽകിയ നോട്ടീസിൽ എവിടെയും സർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും പ്രതിപാദിച്ചിട്ടുമില്ല. അടിയന്തരപ്രമേയത്തിന്റെ സാഹചര്യം നിലനിൽക്കുന്നില്ല എന്നാണ് ചെയറിന് തോന്നുന്നത്. അതുകൊണ്ട് പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് ഖേദപൂർവ്വം അറിയിക്കുകയാണ്. .... (ബഹളം).....റൂൾ 52 (ix) തീർച്ചയായിട്ടും ഒന്ന് പരിശോധിക്കേണ്ടതാണ്. അതിൽ 'സംസ്ഥാന ഗവൺമെന്റിന് കാര്യമില്ലാത്ത ഒരു സംഗതിയെ സംബന്ധിച്ചാകരുത് പ്രമേയം.' എന്നാണ് പറയുന്നത്. അതുകൊണ്ട് ഈ പ്രമേയം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് അറിയിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് പറഞ്ഞ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച

ചട്ടങ്ങളിൽ റൂൾ 53 പ്രകാരം ട്രൈബ്യൂണൽ, കമ്മീഷൻ മുതലായവയുടെ മുമ്പാകെയുള്ള സംഗതികളെപ്പറ്റി ചർച്ചയ്ക്കുള്ള പ്രമേയം.... അതിൽ പറയുന്നത് 'സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയോ കമ്മീഷനോ അന്വേഷണക്കോടതിയോ അങ്ങനെയുള്ള സംഗതി പരിഗണിക്കുന്നതിന് ഹാനികരമാകാൻ സാദ്ധ്യതയില്ലെന്ന് സ്പീക്കർക്ക് ബോദ്ധ്യം വരുന്നപക്ഷം, അദ്ദേഹത്തിന് തന്റെ വിവേചനാധികാരം പ്രയോഗിച്ച് അന്വേഷണവിചാരണയുടെ നടപടിക്രമത്തേയോ വിഷയത്തേയോ അവസ്ഥയേയോ സംബന്ധിക്കുന്ന വിധത്തിലുള്ള സംഗതി സഭയിൽ ഉന്നയിക്കുന്നതിന് അനുവദിക്കാവുന്നതാണ് എന്നാണ്. അതോടൊപ്പം ഈ ബഹുമാനപ്പെട്ട സഭതന്നെ 12-03-2008-ൽ കണ്ണൂരിലെ രാഷ്ട്രീയ കൊലപാതകം എന്ന പ്രശ്നത്തിൽ കേരള ഹൈക്കോടതിയുടെ ഒരു പരാമർശത്തെ സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്; അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ടുമുണ്ട്. 18-03-2013-ൽ കടൽകൊല; ഇറ്റാലിയൻ നാവികരുടെ ജാമ്യാപേക്ഷ എതിർക്കാത്ത പ്രശ്നം ഉന്നയിച്ചിട്ടുണ്ട്. 08-07-2013-ൽ സോളാർ കേസിൽ ശ്രീ. മല്ലേരി ശ്രീധരൻ നായർ കോടതിയിൽ കൊടുത്ത ഒരു സ്റ്റേറ്റ്മെന്റിനെ സംബന്ധിച്ച് അടിയന്തരപ്രമേയം അവതരിപ്പിക്കാൻ അനുമതി കൊടുത്തിട്ടുണ്ട്.

21-01-2014-ൽ പാമോയിൽ കേസിൽ തൃശ്ശൂർ വിജിലൻസ് കോടതി കേസ് എഴുതിത്തള്ളണമെന്ന ആവശ്യത്തെ ഉന്നയിച്ചിട്ടുണ്ട്. സൂര്യനെല്ലി കേസിൽ 04-02-2014-ൽ ശ്രീ. പി. ജെ. കുര്യനെ പ്രതിചേർക്കണമോയെന്ന ആവശ്യത്തെ ഉന്നയിച്ചിട്ടുണ്ട്. 15-12-2015-ൽ തൃശ്ശൂർ വിജിലൻസ് കോടതി Quick Verification നടത്താൻ ഉത്തരവ് കെ. ബാബുവിനെതിരെ........ ഞാൻ പൂർത്തീകരിക്കട്ടെ. ഈ നിയമസഭയുടെതന്നെ, ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ച ആറോളം സംഭവങ്ങൾ ഗവൺമെന്റുമായി ബന്ധപ്പെട്ടതൊന്നുമല്ല. അതുപോലെതന്നെ പണ്ട് ഇവിടെ നിയമസഭ ചേർന്നുകൊണ്ടിരുന്നപ്പോൾ കൂത്തുപറമ്പ് വെടിവയ്പ്പുമായി ബന്ധപ്പെട്ട് കമ്മീഷന്റെ ഒരു പരാമർശമുണ്ടായതിന്റെ പേരിൽ ശ്രീ. എം. വി. രാഘവനെ ഈ സഭയിൽ കയറ്റരുതെന്ന് പറഞ്ഞ് സമരം നടത്തിയ ആളുകളാണിവർ.

<u>മി. സ്പീക്കർ</u>: പ്ലീസ്.... പ്ലീസ്..... അങ്ങ് ഇരിക്കു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ഇവിടെ ഒരു എം.എൽ.എ.-യായ ശ്രീ. റ്റി. വി. രാജേഷിനെ പ്രതിയാക്കിക്കൊണ്ട് കുറ്റപത്രം സമർപ്പിച്ച ഒരു കേസാണിത്. ശ്രീ. പി. ജയരാജനെതിരെ കുറ്റപത്രം സമർപ്പിച്ചൊരു കേസാണ്. ഗൗരവമുള്ള കേസാണ്. ഈ സഭയിൽ അത് ഉന്നയിക്കാനുള്ള

അവകാശം ഞങ്ങൾക്കില്ലെങ്കിൽ പിന്നെ എവിടെയാണ് ഉന്നയിക്കേണ്ടത്? ..... (ബഹളം)..... ഇത് അംഗീകരിക്കാൻ നിവൃത്തിയില്ലാത്ത കാര്യമാണ്.

(അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് റൂൾ 52 (iii)-ൽ പറയുന്നത്, 'പ്രമേയം അടുത്ത കാലത്തുണ്ടായ ഒരു പ്രത്യേക സംഗതിയെക്കുറിച്ച് മാത്രമുള്ളതായിരിക്കണം'. റൂൾ 52 (ix)-ൽ പറയുന്നത്, 'സംസ്ഥാന ഗവൺമെന്റിന് കാര്യമില്ലാത്ത ഒരു സംഗതിയെ സംബന്ധിച്ചാകരുത് പ്രമേയം' എന്നാണ്. റൂൾ 52 (ix) പ്രകാരം സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട ഒന്നും ഈ നോട്ടീസിൽ പ്രതിപാദിച്ചിട്ടില്ല. ഇത് വർഷങ്ങൾക്ക് മുമ്പ് നടന്ന ഒരു സംഭവത്തെക്കുറിച്ച് കോടതിയിൽ സമർപ്പിച്ച ഒരു കുറ്റപത്രമാണ്. അതിനെ അടിയന്തരപ്രാധാന്യമുള്ള വിഷയമായിട്ട് നിയമസഭ ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് ചെയറിന്റെ നിലപാട്. ... (ബഹളം)..... നോട്ടീസിൽ എവിടെയും പറഞ്ഞിട്ടില്ല. ഈ കുറ്റപത്രവുമായി

ബന്ധപ്പെട്ടോ എന്തെങ്കിലും ഗവൺമെന്റിനായുള്ള വിഷയമോ ഗവൺമെന്റുമായുള്ള വിമർശനങ്ങളോ ഒന്നും ഈ നോട്ടീസിലില്ല. ....... (ബഹളം)..... അതിന് നിർവ്വാഹമില്ല. ദയവായി സഹകരിക്കണം. രാജ്യത്തെ പല നീതിപീഠങ്ങളുടെ മുന്നിലും കുറ്റപത്രങ്ങൾ സമർപ്പിക്കപ്പെടാറുണ്ട്. ആ കുറ്റപത്രങ്ങളുമായി ബന്ധപ്പെട്ട് ഒരു ചർച്ച അടിയന്തരപ്രാധാന്യത്തോടെ കൊണ്ടുവരുന്നതിൽ യുക്തിയില്ല. ... (ബഹളം)..... ദയവായി സീറ്റിലേയ്ക്ക് പോകണം. പ്ലീസ്..... പ്ലീസ്.... അനുവദിക്കാൻ നിർവ്വാഹമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങയുടെ പരാമർശം വളരെ ദൗർഭാഗ്യകരമായിപ്പോയി. സർവ്വശ്രീ സണ്ണി ജോസഫ്, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നിവർ നോട്ടീസ് കൊടുത്തതിൽ വളരെ വ്യക്തമാണ്. രാഷ്ട്രീയ കൊലപാതകങ്ങൾ ഇല്ലാതാക്കാൻ നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിലുള്ള നടപടികൾ പോലീസ് സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് അതിലുള്ളത്.

മി. സ്പീക്കർ: അത് ഒരു അടിയന്തരപ്രാധാന്യമുള്ള കാര്യമല്ല. ഇന്നലെയോ ഇന്നോ നടന്ന കാര്യമല്ലല്ലോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ബഹുമാനപ്പെട്ട സ്പീക്കർ സർ, .....

(ബഹളം).... ഞാൻ ഒന്ന് പറഞ്ഞ് തീർക്കട്ടെ. ആറ് സന്ദർഭങ്ങൾ ഈ സഭയിൽ ഉന്നയിച്ച കാര്യമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്.

<u>മി. സ്പീക്കർ</u>: അത് സബ്ജ്യൂഡീസുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അങ്ങ് പറഞ്ഞത്. .....(ബഹളം)....

<u>ശ്രീ. രമേശ് ചെന്നിത്തല</u> : അതുകൊണ്ടല്ല. .....(ബഹളം).......

<u>മി. സ്പീക്കർ</u>: കോടതിയുടെ പരിഗണനയിലുള്ള വിഷയം കൊണ്ടല്ല...

<u>ശ്രീ. രമേശ് ചെന്നിത്തല</u>: കോടതിയിൽ പരിഗണനയിലുള്ള കാര്യമാണ്. അങ്ങ് അങ്ങനെ പറയരുത്.

<u>മി. സ്പീക്കർ</u>: ആ വിഷയത്തിന്റെ പേരിലല്ല അനുവദിക്കേണ്ടതില്ല എന്നുപറയുന്നത്. .....(ബഹളം)....

<u>ശ്രീ. രമേശ് ചെന്നിത്തല</u>: കോടതിയുടെ പരിഗണനയിലിരുന്ന കാര്യങ്ങൾ തന്നെയാണ്.

<u>മി. സ്പീക്കർ</u>: ദയവായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കുക...

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ഞാൻ ഒന്ന് പറയട്ടെ.

<u>മി. സ്പീക്കർ</u>: അങ്ങ് പറഞ്ഞല്ലോ. നിങ്ങൾ (ഭരണപക്ഷ അംഗങ്ങൾ) സീറ്റിൽ പോയി ഇരിക്കണം. Please go to your seats.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണെന്നാണല്ലോ അങ്ങ് പറഞ്ഞത്.

<u>മി. സ്പീക്കർ</u>: അല്ല, അതല്ല പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: അങ്ങ് പറഞ്ഞു അടിയന്തരസ്വഭാവമില്ലെന്ന്. ഇത് അടിയന്തരസ്വഭാവമുള്ള കാര്യമാണ്.

<u>മി. സ്പീക്കർ</u>: റൂൾ 52 (ix)....

<u>ശ്രീ. രമേശ് ചെന്നിത്തല</u>: കൊലക്കുറ്റത്തിന് കുറ്റപത്രം സമർപ്പിച്ച ഒരു എം.എൽ.എ. ഈ സഭയിലുണ്ട് എന്നുള്ളത് ഗൗരവമുള്ള കാര്യമല്ലേ? ...... (ബഹളം)...... ഞങ്ങൾ അത് ഉന്നയിക്കേണ്ട കാര്യമല്ലേ?

<u>മി. സ്പീക്കർ</u>: ഞാൻ അതിന്റെ മെരിറ്റിലേയ്ക്ക് കടക്കുന്നില്ല. മെരിറ്റും ഡീമെരിറ്റും ചെയറിന് ബാധകമല്ല. അത്തരം സാഹചര്യങ്ങൾ ഇതിന് മുമ്പും ഉണ്ടായിട്ടില്ല. സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് അടിയന്തരപ്രമേയമായി കൊണ്ടുവരേണ്ടത്. .....(ബഹളം).... സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട ഒരു വാചകം പോലും ആ എഴുതിത്തന്ന

പ്രമേയത്തിലില്ല. .....(ബഹളം).... ചെയറിനോട് തർക്കിച്ചിട്ട് കാര്യമില്ല. പരിഗണിക്കാൻ നിർവ്വാഹമില്ല. .....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ വായിച്ചല്ലോ. ആറ് തവണ ഉന്നയിച്ചിട്ടുണ്ട്. മാത്രമല്ല ഈ രാഷ്ട്രീയ കൊലപാതകങ്ങൾ ഇല്ലാതാക്കാൻ നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിൽ നടപടി പോലീസ് സ്വീകരിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. .....(ബഹളം).... അത് നോട്ടീസിൽ പറയുന്ന കാര്യമല്ലേ?

മി. സ്പീക്കർ: ഒരു അടിയന്തരപ്രമേയത്തിന് സാദ്ധ്യതയില്ല. പ്രതിപക്ഷത്തിന് ഈ കാര്യം ഉന്നയിക്കണമെങ്കിൽ സബ്മിഷനായി ഉന്നയിക്കാം.

Shri Ramesh Chennithala: This is a fit case for adjournment motion. ഇത് അടിയന്തര സ്വഭാവമുള്ള കാര്യമാണ്. ഈ സഭയിലെ ഒരു എം.എൽ.എ.-ക്ക് എതിരെ കൊലക്കുറ്റത്തിന് കുറ്റപത്രം കൊടുത്തിരിക്കുന്നു.

മി. സ്പീക്കർ: വർഷങ്ങൾക്ക് മുൻപ് നടന്ന ഒരു സംഭവം. അതിൽ ഒരു കുറ്റപത്രം സമർപ്പിച്ചത് അടിയന്തരപ്രാധാന്യമുള്ള വിഷയമായി സഭയിൽ കൊണ്ടുവരാൻ നിർവ്വാഹമില്ല. ദയവായി സഹകരിക്കണം. നിങ്ങൾക്ക് ഈ

വിഷയം ഒന്നാമത്തെ സബ്മിഷനായി സഭയിൽ കൊണ്ടുവരാൻ അനുവാദം നൽകും.

ശ്രീ. രമേശ് ചെന്നിത്തല: ഇത് അടിയന്തരപ്രാധാന്യമുള്ള വിഷയം തന്നെയാണ്. പ്രതിപക്ഷത്തിന്റെ അവകാശമാണ്. .....(ബഹളം).... ഇത് അവതരിപ്പിക്കാനുള്ള അധികാരമുണ്ട്, അവകാശമുണ്ട്.

മി. സ്പീക്കർ: ഇത് സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരണമെങ്കിൽ സബ്മിഷനിലൂടെ കൊണ്ടുവരാം. .....(ബഹളം).... ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും വിധേയമായിട്ടുമാത്രമേ കാര്യങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. .....(ബഹളം)...... സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ അങ്ങേയ്ക്ക് തന്നെ ആദ്യത്തെ സബ്മിഷനായി അവതരിപ്പിക്കാം. പ്ലീസ്..... പ്ലീസ്..... ദയവായി സീറ്റിലേയ്ക്ക് പോകണം. .....(ബഹളം)....പ്ലീസ്..... പ്ലീസ്..... പുസ്തകങ്ങളും ചട്ടവുമായി ബന്ധപ്പെട്ടതാണ് സ്പീക്കറുടെ നീതി. പ്ലീസ്..... പ്ലീസ്.....(ബഹളം).... ഈ വിഷയം സഭയിൽ കൊണ്ടുവരാനുള്ള അവസരം നൽകാം. .....(ബഹളം).... ദയവായി സീറ്റിലേയ്ക്ക് പോകണം. പ്ലീസ്..... പ്ലീസ്..... ദയവായി സഹകരിക്കണം.....(ബഹളം).... ഈ സാഹചര്യത്തിൽ അടുത്ത നടപടിയിലേയ്ക്ക് കടക്കേണ്ടി വരും. ദയവായി

സീറ്റിലേയ്ക്ക് പോകണം. ചട്ടപ്രകാരം അടിയന്തരപ്രമേയം അവതരിപ്പിക്കാൻ നിർവ്വാഹമില്ല. വിഷയം സഭയിൽ കൊണ്ടുവരാനുള്ള അവസരം തരാം. ദയവായി സീറ്റിലേയ്ക്ക് പോകണം. .....(ബഹളം).... ദയവായി സഹകരിക്കണം. പ്ലീസ്..... പ്ലീസ്..... .....(ബഹളം).... അടുത്ത നടപടിയിലേയ്ക്ക് കടക്കേണ്ടി വരും. അവസാന ദിവസം ഇങ്ങനെ അവസാനിപ്പിക്കുന്നത് ബുദ്ധിമുട്ടാണ്, ഖേദകരമാണ്. ദയവായി നിങ്ങൾ സീറ്റിലേയ്ക്ക് പോകണം.

ഓർഡർ..... ഓർഡർ...... ശ്രദ്ധക്ഷണിക്കലിനും സബ്മിഷനുകൾക്കുമുള്ള മറുപടികൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.